# കുരിക്കിലാട് യു പി സ്കൂൾ



## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

വിദ്യാലയത്തിന്റെ സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് കുരിക്കിലാട് യു.പി സ്കൂളിന്റെ 2025-26 അധ്യയന വർഷത്തെ കുട്ടികളുടെ സർവോന്മുഖമായ പുരോഗതിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള വൈവിധ്യവും ആകർഷകവുമായ ബഹുമുഖങ്ങളായ പദ്ധതികളാണ് വിവിധ ഭാഷകളും വിഷയങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ളത്. മലയാളം, ഇംഗ്ലീഷ് ഹിന്ദി അറബിക്, ഉറുദു, സംസ്കൃതം എന്നീ ഭാഷകളുടെയും ഗണിതം, അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം, നൂതന സാങ്കേതിക വിദ്യ, ആരോഗ്യ കലാ-കായിക വിദ്യാഭ്യാസം എന്നിവയുമായി വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ശേഷിയുമായി ബന്ധപ്പെട്ട് ഒട്ടനവധി പദ്ധതികളാണ് എൽ.പി തലം മുതൽ യു.പി വരെ കുട്ടികൾക്കായി ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ തയ്യാറാക്കിയിട്ടുള്ളത്. വായന, എഴുത്ത്, അവതരണം തുടങ്ങിയ കുട്ടികളുടെ അടിസ്ഥാന ശേഷികൾ ഈ ഒരു വർഷക്കാലയളവിനുള്ളിൽ പരിപോഷിപ്പിച്ചെടുത്ത് കെ.സി.എഫ് മുന്നോട്ട് വെക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ ബൃഹത്തായ പദ്ധതികൾക്ക് വേണ്ടിയുള്ള ഭൗതികവും സാമ്പത്തികവുമായ പിന്തുണ പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ, എസ്.എസ്.ജി ഉൾപ്പടെയുള്ള സ്രോതസ്സിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ക്ലാസ്സ് - 2

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | • എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ- നവംബർ | SRG, ക്ലബ്ബുകൾ |
| സർഗാത്മകതയെ തട്ടിയുണർത്താം | • ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | SRG |
| | • രചനാശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ. | ഡിസംബർ- ജനുവരി. | അധ്യാപകർ, ക്ലബ്ബുകൾ |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരങ്ങൾ<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG |
| പ്രകൃതിയെ അറിയാൻ. | പ്രകൃതിനടത്തം<br>കാഴ്ച ബംഗ്ലാവിലേക്ക്<br>കാണാക്കാഴ്ചകൾ | സെപ്തംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG |
| നാടറിയാൻ- നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം. | ജനുവരി | SRG |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം. | |

# ENGLISH

| Aim | Activities | period | charge |
| --- | --- | --- | --- |
| To speak, Read and write english without any mistake | speaking skills :- Descriptions, growing Sentences, picture reading, picture des-cription | July - August | Class Teacher |
| | Reading skills :- At reading books, find words. collect words. | June - March | Class Teacher |
| | writing skills :- Make word web, Picture description, word chain sentence chain. Add more lines. | December - January | Classer Teacher SRes. |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ക്ലാസ്സ് - 4

# ആമുഖം

2024-25 അധ്യായന വർഷത്തിലെ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യമാണ് ഈ കർമ്മപദ്ധതി ഏറ്റെടുത്തിരിക്കുന്നത്.

ഭാഷ, പരിസരപഠനം, ഗണിതം, എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഈ രൂപരേഖ രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണ ഉറപ്പ് വരുത്തുന്നു. പഠന വിടവുകൾ നികത്തി കൂടുതൽ ആസ്വാദനത്തോടെ സ്വയം പഠനത്തിൽ ഏർപ്പെടാൻ കുട്ടികളെ സഹായിക്കുന്ന വിധത്തിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

* മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്രവായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക.

* സർഗാത്മക കഴിവുകൾ വികസിപ്പിക്കുക

* ശാസ്ത്ര കൗതുകം വളർത്താൻ ഉതകുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.

* സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, പ്രായോഗിക പ്രശ്നങ്ങൾ ചതുഷ്ക്രിയകൾ തുടങ്ങിയ ഗണിതത്തിലെ അടിസ്ഥാന ലക്ഷ്യങ്ങൾ കൈവരിക്കുന്നു.

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നു.

* വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കുന്നു.

# മലയാളം

| പഠന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം- എഴുതാം | വായനാ കാർഡ് നൽകുന്നു നിശബ്ദ വായന, ഉച്ചത്തിൽ വായന, വായന കാർഡ് നോക്കി നോട്ട് ബുക്കിൽ പഎഴുതൽ | ജൂൺ- ആഗസ്റ്റ് |
| | ആശയം പറയാം | കുട്ടിക്ക് വായനാകാർഡ്/കഥാപുസ്തകം നൽകുന്നു. വായിച്ച കഥയുടെ ആശയം കൂട്ടുകാർക്ക് പറഞ്ഞ് കൊടുക്കുന്നു. ഭാവാത്മകമായി കഥ വായിച്ചവതരിപ്പിക്കുന്നു. നന്നായി വായിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു. | ആഗസ്റ്റ്- സെപ്റ്റംബർ |

| | | | |
|---|---|---|---|
| കഥ, കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം. എഴുതാം<br>ചിത്രത്തിലെന്തെല്ലാം | ICT സാധ്യതയോടെ കഥ കാണാൻ അവസരം. കണ്ട കഥ സ്വയം എഴുതാൻ അവസരം<br>ചിത്രം നിരീക്ഷിക്കുന്നു. കണ്ട ചിത്രത്തെക്കുറിച്ച് പറയുന്നു. വിവരണം എഴുതുന്നു. | ജൂൺ - ആഗസ്റ്റ്<br>ജൂൺ-ജൂലൈ |
| | റിസോഴ്സ് തിയേറ്റർ | - വായനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>- കാവ്യകേളി, കാവ്യോത്സവം കാവ്യവിഷ്കാരം എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ-ഡിസംബർ |
| സർഗാത്മക പ്രവർത്തനങ്ങൾ | ഡയറി എഴുത്ത്<br>കവിതാപൂരണം | സർഗാത്മകതയോടെ ഡയറി തയ്യാറാക്കുന്നു.<br>കവിത നൽകുന്നു. പൂരിപ്പിക്കുന്നു. അവതരിപ്പിക്കുന്നു. | ജൂൺ-ഫെബ്രുവരി |

# പരിസര പഠനം

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു.<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- പരസ്പരാശ്രയത്വം ചർച്ച<br>- ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ മനസ്സിലാക്കാം | ജൂൺ - ഒക്ടോബർ |
| | | - പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം | ജൂൺ |
| | പൂന്തോട്ടം ഒരുക്കാം | - ചെടികൾ കൊണ്ട് വന്ന് പൂന്തോട്ടം ഒരുക്കുന്നു. | |
| | ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് | |

| | | | |
|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് | നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്) | ജൂൺ - ഡിസംബർ |
| | പരീക്ഷണങ്ങൾ - | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| | - പക്ഷിനിരീക്ഷണം | പക്ഷിനിരീക്ഷണത്തിന് അവസരം - | സെപ്തംബർ |

# ഗണിതം

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു. എഴുതുന്നു) | നറുക്കെടുക്കാം | * സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | * സംഖ്യ നറുക്കെടുക്കുന്നു.<br>* കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | • വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ - സെപ്തംബർ |
| | ക്രമത്തിലാക്കാം | * വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>* ആരോഹണക്രമം, അവരോഹണക്രമം. എഴുതാം. | ജൂൺ - ആഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളുടെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | * ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>* കളിനോട്ട് ഉപയോഗിച്ച് 1, 10, 100, 1000 - ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |

| | | | |
|---|---|---|---|
| | സംഖ്യാസൂര്യൻ | * ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>* ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കുക | * സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുക<br>* അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം | ജൂൺ - സെപ്തംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട കച്ചവട കണക്ക് | * കുട്ടികളുടെ ബാഗ്, ബുക്ക്, പേന etc ചേർന്ന് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>* ഗ്ലാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു<br>* ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>* കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടങ്ങളിൽ ഒരുക്കുന്നു.<br>* കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ<br>* സാധനങ്ങൾ വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു | |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അറബിക്

| ക്രമ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തു |
|---|---|---|---|---|---|
| 1 | അറബിക് മധുരം<br><br>ലക്ഷ്യം അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള ഉന്നമന പരിപാടി. | എഴുത്ത്, വായന<br><br>ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങൾ നിർമ്മിതിയിൽ നൽകുക.<br>പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഒഴിവ് സമയത്ത് അറബിക് മധുരം ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ | B.R.C<br><br>[illegible] |

| 2 | വായനലോകം | പ്രവർത്തനം | കാലയളവ് | ഉൽപന്നം |
| --- | --- | --- | --- | --- |
| | ലക്ഷ്യം.<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. | പുസ്തകങ്ങൾ<br>- ചിത്രകഥ - അറബിക്<br>- കഥാപുസ്തകം -<br>- കുട്ടിക്കവിതകൾ<br>അറബിക് ക്വിസ്<br>ക്ലാസ് വായന<br>ഓരോ അറബിക് വിദ്യാർത്ഥിയും അഞ്ച് അഞ്ച് മിനുട്ടിൽ താഴെ കുറഞ്ഞത് 1 പേജ് ഉറക്കെ വായിക്കുക.<br>വായിച്ച ഭാഗങ്ങൾ രേഖപ്പെടുത്തി വെക്കുക.<br>കൂടുതൽ ഭാഗങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | 6 മാസം | സ്കൂൾതല (മേള)<br>ക്ലാസ്തല (മേള)<br>പുസ്തകങ്ങൾ |

| | | | | |
|---|---|---|---|---|
| 3. | ആസ്വാദനലേഖനം. | ആസ്വാദനസഭ.<br>പാടാനും പറയാനും<br>കഴിയുന്ന വിഭവങ്ങൾ<br>ദേശത്തു കണ്ടെത്തി<br>[illegible]<br>ആസ്വദിപ്പിക്കു<br>വാൻ രണ്ടാഴ്ചയിലൊരി<br>ക്കൽ ആസ്വാദനസഭ<br>ചേരൽ.<br>[illegible]<br>പ്രശസ്തമായ വിഭവ<br>ങ്ങളെ [illegible]. പാ<br>ട്ടും ചൊൽക്കാഴ്ചയിലൂ<br>ടെയും പ്രൊജക്ടറിന്റെ<br>സഹായത്തോടെ കാണാനു<br>ഈ അവസരങ്ങളൊരുക്കുന്നു | 6 മാസം. | സ്കൂൾതലം<br>കമ്പ്യൂട്ടർ. |

| | | | | |
|---|---|---|---|---|
| 4. | അവബോധം. | നാനാവിധ അറിവുകൾ കേൾക്കാനും അറിയിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യമൊരുക്കൽ. | 10 മാസം | കമ്പ്യൂട്ടർ<br>ലാപ്ടോപ്<br>ലാബ്. |
| 5. | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കൽ. ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>പുസ്തക പരിചയപ്പെടുത്തൽ.<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്താൻ. | | |

| | | | | |
|---|---|---|---|---|
| 7. | സ്കൂൾ വാർഷികം. | സ്കൂൾ വാർഷികത്തിന് അനുബന്ധിച്ച് ചിത്രരചന/വാർത്താവായന/ മോണോആക്ട്/ഇംഗ്ലീഷ് പ്രൈസ് നൽകി അഭിനന്ദിപ്പിക്കുന്നു | | |
| 8. | നല്ല ശീലങ്ങൾക്കും ലക്ഷ്യം. കുട്ടികളുടെ ആരോഗ്യ പൂർണ്ണത മെച്ചപ്പെടുത്താൻ | ദിനം കുട്ടികൾക്കും പോഷകാഹാരം കോഴി കൾ നൽകി വരി വിലനാം നൽകാൻ | വർഷം. | |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഇംഗ്ലീഷ്

SUBJECT : ENGLISH . U.P. SECTION

| Aims | Activities | Duration | Duty | |
|---|---|---|---|---|
| • To improve Listening skills | * Listening News (ICT)<br>* English news<br>* Skit and conversation<br>* Watching English movies, Documentary, interviews<br>* Listening phonetics sounds | June to August<br>Daily | Class Teacher<br>English Teacher | |
| • To Improve speaking skill | * Spoken English classes<br>* English Day<br>* English Assembly<br>* Game instructions<br>* Skit and Conversation<br>* Day Celebration<br>* Speech on different topics<br>* Conducting quiz competitions<br>* Group discussion | August to October<br>Weekly<br>Daily<br>Weekly<br>Weekly<br>Monthly<br>Monthly<br>Monthly | Class Teacher<br>English teacher | |

| Aim | Activities | Duration | Duty | |
|---|---|---|---|---|
| • To improve reading skill | * Class Library<br>* School Library<br>* News paper Reading<br>* Picture reading<br>* Journals of great personalities<br>* Reading signboards and posters<br>* Using Reading Materials | November, to March<br>Daily | Class Teacher<br>English Teacher | |
| • To improve writing skills | * English Work shops<br>* Wall magazines<br>* Writing stories<br>* Self dictionary, Poster making<br>* Designing invitation card and greeting Cards<br>* Caption writing Competition<br>* Hand writing Competition<br>* Diary writing<br>* News paper reports<br>* Editing | December to March<br><br>weekly<br>Monthly<br>weekly<br><br>Monthly<br>Monthly<br>Weekly<br>Daily<br>weekly | Class Teacher<br>English Teacher | |

| Aim | Activities | Duration | Duty |
| --- | --- | --- | --- |
| • To improve Reading Skill | * Use Library Books | Daily | English Teacher<br>Class Teacher |
| | * Reading Competition | | |
| | * News paper Reading | | |
| | * Using Reading Materials effectively | | |
| | * Picture Reading | | |
| | * Conducting quiz Competition | | |
| • To improve writing skills | * Story, Poem writing | December to March | Class Teacher<br>English Teacher |
| | * Diary writing | Monthly | |
| | * Script writing | Weekly | |
| | * Composing choreography | Monthly | |
| | * Making Riddles | weekly | |
| | * Making funny questions | weekly | |
| | * Making Flash news and news paper Reports | Weekly | |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# മലയാളം - യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം: ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം:- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| | ഭാഷാകേളി:- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂലായ്-ആഗസ്റ്റ് | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്ത്:- പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ-ഡിസംബർ | മലയാളം ക്ലബ് |
| | വാർത്തവായന:- നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്നു. | ജൂൺ- മാർച്ച് | മലയാളം അധ്യാപകൻ, SRG |

| | | | |
|---|---|---|---|
| | • പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | ആഗസ്റ്റ് - ജനുവരി | മലയാളം അധ്യാപകർ, SRG |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, .... എന്നിവ ഉപയോഗിക്കുന്നു). | ആവശ്യാനുസരണം |
| 2) രസകരമായ ഗണിതപഠനവും കരചലനശേഷികളുടെ വികാസവും. | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| 3) ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | • ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരുപ്രാവശ്യം. |
| 4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആവശ്യാനുസരണം. |
| 5) വിവിധശേഷികളുടെ വികസനം | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# സയൻസ് - യു പി

## ആമുഖം

ശാസ്ത്രം പ്രവർത്തനാധിഷ്ഠിതമാണ്. മുൻവിധികളില്ലാത്ത തെളിവുകളിലൂടെയുള്ള സത്യാന്വേഷണമാണ് അതിന്റെ രീതി നിരന്തരമായ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും വിശകലനങ്ങളും ആണ് ശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകളെ നവീനതകളിലേക്ക് നയിക്കുന്നത്. ഇന്ന് ശരിയെന്ന് കരുതുന്നത് നാളെ തെറ്റാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടാൽ അത് അംഗീകരിക്കുന്നതാണ് ശാസ്ത്രത്തിന്റെ രീതി.

## ലക്ഷ്യങ്ങൾ

1. ശാസ്ത്രം പ്രയോഗിക്കുന്ന വഴികൾ വിവരിക്കാനും ചർച്ച ചെയ്യാനും കഴിയും.
2. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക.
3. കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
4. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉന്മൂലനം ചെയ്യുക.
5. ശാസ്ത്രനേട്ടത്തിൽ അഭിമാനം കൊള്ളുക.

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|
| 5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ അറിവുകളും കുട്ടികളെ അർഹരാക്കുക. | * പ്രീടെസ്റ്റ്<br>മുന്നറിവുകൾ പരിശോധിച്ചുകൊണ്ട് കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുന്നു.<br>* വായനയും ആശയധാരണയും<br>പാഠഭാഗങ്ങൾ വായിക്കാനും, ആശയം മനസ്സിലാക്കാനും കഴിയുന്നു.<br>* സയൻസ് ദിവസചോദ്യാവലി<br>* ചെറുപരീക്ഷണം<br>കുട്ടികൾ അവർ സ്വായത്തമാക്കിയ അറിവുകൾ ഉപയോഗിച്ച് ലഘു പരീക്ഷണത്തിൽ ഏർപ്പെടുന്നു.<br>* ചാന്ദ്രദിനപരിപാടി<br>ചാന്ദ്രദിനവുമായി ബന്ധപ്പെടുത്തി വിവിധ പരിപാടികൾ. | ജൂൺ<br><br><br>ജൂലൈ |

| | | |
|---|---|---|
| മികച്ച ശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും | * ശാസ്ത്രമേള ആസൂത്രണം. ശാസ്ത്രമേളയുമായി ബന്ധപ്പെട്ട എല്ലാ പരിപാടികൾക്കും വേണ്ട കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.<br>* ശാസ്ത്രക്വിസ്.<br>* പരീക്ഷണ കളരി<br>* ചോദ്യോത്തരപെട്ടി | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ശാസ്ത്രപരീക്ഷണാന്തരീക്ഷം മെച്ചപ്പെടുത്തൽ | *വിസ്മയ ചുമർ<br>എല്ലാ ക്ലാസിലും ശാസ്ത്ര ചുമർ നിർമ്മാണം(ചാർട്ട്)<br>* സയൻസ് ക്ലിനിക്<br>പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം. | ഒക്ടോബർ |
| ~~ശാസ്ത്രസർഗാത്മകതയ്ക്കുള്ള അവസരം കൂടുതൽ~~ | | |

| | | |
|---|---|---|
| ശാസ്ത്രസർഗ്ഗാത്മകതക്കുള്ള അവസരം കുറവ് | * ശാസ്ത്രദിപ്പ്<br>നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയും ശാസ്ത്ര പഠനം.<br>* ശാസ്ത്രപതിപ്പ്<br>* വിലയിരുത്തൽ | ജനുവരി<br>ഫെബ്രുവരി<br>മാർച്ച്. |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഹിന്ദി

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.<br>(സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉർദു

# ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഖഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

...കരിക്കിലാട് യു.പി........................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠനം ആനന്ദ ദായകം** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം ,വായന കാർഡ് നിർമ്മാണം | | | | |
| 3 | **e-ഖുതിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ബസ്മ്-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു ഒരു ഓർമ്മയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# കുരിക്കിലാട് യു പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# സംസ്കൃതം

## സംസ്കൃതം.

## അക്കാദമിക് മാസ്റ്റർ പ്ലാൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലാവധി | ഭൗതികം | പിന്തുണ. |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷ-കളിൽ ഒന്നാണ് സംസ്കൃതം.<br><br>യു.പി. തലത്തിലെ കുട്ടികൾക്ക് അക്ഷര-ങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷ ജ്ഞാനം.<br>→ അക്ഷരം എഴുത്ത്.<br>→ ചിഹ്നം ഉറപ്പിക്കൽ<br>→ അക്ഷര കാർഡ്.<br>→ വാക്കുകൾ എഴുതിയ കാർഡ്.<br>→ ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>→ അക്ഷരമാല കളികൾ.<br>→ കാർട്ടൂൺ പ്രദർശനം.<br>→ പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - സെപ്റ്റംബർ. | അക്ഷര ചാർട്ട്<br>പാഠപുസ്തകം.<br>ICT. | അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | 2. പറയാം പഠിക്കാം.<br>→ ചിത്രങ്ങളുടെ പേര് പറയൽ<br>→ ലഘു സംഭാഷണങ്ങൾ.<br>→ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ. | ജൂലൈ - ആഗസ്റ്റ്. | സംസ്കൃത കഥാപുസ്തകം.<br>ICT | അധ്യാപകർ. |
| 2. വീട്ടിൽ കാണപ്പെടുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | → വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയാറാക്കുക.<br>→ ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്തംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം.<br>കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. | → തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>→ സംസ്കൃതം പിരിയഡിൽ ആഴ്ചയിൽ ഒരു കുട്ടി പുസ്തകം വായിക്കുക. | 6 മാസം. | ക്ലാസ് ലൈബ്രറി. | അധ്യാപകർ. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ. | → ഡേറ്റ ശേഖരണം.<br>→ പഠനോപകരണ നിർമ്മാണം.<br>→ ഗൃഹ സന്ദർശനം.<br>→ പഠനയാത്ര. | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം. | അധ്യാപകർ. |
| 5. മത്സര പരീക്ഷ-കൾക്ക് തയ്യാറാ-ക്കൽ. | → എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>→ മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച്. | ക്ലാസ് റൂം. | അധ്യാപകർ. |
| 6. പ്രത്യേകം പരിഗണന അർ-ഹിക്കുന്നവർക്കാ-യുള്ള പ്രവർത്ത-നങ്ങൾ. | → പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോ-പകരണങ്ങൾ നിർമ്മിക്കുന്നു.<br>→ പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>→ ഗൃഹ സന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച്. | ക്ലാസ് റൂം. | അധ്യാപകർ. |